**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 13** **23-01-2025 - ൽ മറുപടിയ്ക്ക്**

**ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് ടെക്നിക്കൽ വിഭാഗം തസ്തികകളിലേക്ക് തസ്തികമാറ്റം നൽകുന്നതിന് സർക്കാരിന്റെ പൊതു മാനദണ്ഡം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് /സർക്കുലർ /KSR ചട്ടം ലഭ്യമാക്കാമോ; | (എ) | പൊതു മാനദണ്ഡങ്ങൾ നിലവിലില്ല. വകുപ്പുകളിൽ രൂപീകരിച്ചിട്ടുള്ള വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരമുള്ള തസ്തികമാറ്റം അനുവദിക്കുന്നത്. |
| (ബി) | ടെക്നിക്കൽ വിഭാഗം തസ്തികകളിലേക്ക് തസ്തികമാറ്റം തെരഞ്ഞെടുത്ത ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് ടൈപ്പിസ്റ്റ് കേഡറിലെ സ്വാഭാവിക പ്രമോഷനുകൾ (UD ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ) നൽകുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ; | (ബി) | പൊതു മാനദണ്ഡങ്ങൾ നിലവിലില്ല. വകുപ്പുകളിൽ രൂപീകരിച്ചിട്ടുള്ള വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരമുള്ള തസ്തികമാറ്റം അനുവദിക്കുന്നത്. |
| (സി) | 24/07/1985 ലെ ജിഒ(പി) 58/85/പിഎൽജി നമ്പർ സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന ടെക്നിക്കൽ കേഡർ തസ്തികയായ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I ലേക്കുള്ള തസ്തികമാറ്റം LD ടൈപ്പിസ്റ്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ൽ നിന്നാണെന്ന് സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പിലെ 20/02/2009 ലെ ജിഒ(പി)9/2009/ പിഎൽജി നമ്പർ സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് നിയമപരമായി നിലനിൽക്കുന്നതാണോ എന്ന് വ്യക്തമാക്കാമോ; | (സി) | വിശേഷാൽ ചട്ടങ്ങൾ പ്രകാരമുള്ള തസ്തികമാറ്റ നിയമനങ്ങളാണ് നടത്തിവരുന്നത്. |
| (ഡി) | ഹയർ സ്കെയിലിൽ നിന്ന് ലോവർ സ്കെയിലേക്ക് തസ്തിക മാറ്റം അനുവദിക്കുന്നതും, തുല്യ സ്കെയിലിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നതും സർവീസ് ചട്ടങ്ങൾക്ക് അനുസൃതമാണോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ബന്ധപ്പെട്ട വിശേഷാൽ ചട്ടത്തിലെ വ്യവസ്ഥ പ്രകാരമാണ് തസ്തികമാറ്റം അനുവദിക്കുന്നത്. |
| (ഇ) | 07.07.2023- ലെ സ.ഉ.(സാധാ) 285/2023/ പി&ഇഎ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് ടെക്നിക്കൽ വിഭാഗം തസ്തികകളിലേക്ക് തസ്തികമാറ്റം തെരഞ്ഞെടുത്ത ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് ടൈപ്പിസ്റ്റ് കേഡറിലെ സ്വാഭാവിക പ്രമോഷനുകൾ | (ഇ) | മിനിസ്റ്റീരിയൽ വിഭാഗമായ എൽ.ഡി.ടൈപ്പിസ്റ്റ് കാറ്റഗറിയിൽ നിന്ന് ടെക്നിക്കൽ കേഡറിലേക്ക് തസ്തികമാറ്റത്തിനായി ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാരെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ |

| | | | |
|---|---|---|---|
| | (UD ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് , സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ) നൽകുന്നതിന് നിർദ്ദേശം നല്കിയിരിക്കുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ? | | സ്വാഭാവിക പ്രൊമോഷനുകൾക്ക് പരിഗണിക്കുകയില്ല എന്ന് നിലവിലെ സ്പെഷ്യൽ റൂളിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ